# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

പയസ് ഗേൾസ് ഹൈസ്കൂൾ
ഇടപ്പള്ളി

## 1. ആമുഖം

കടൽ ഇറങ്ങി രൂപപ്പെട്ട കര, മധ്യനൂറ്റാണ്ടുകളിൽ നിർമ്മാതാക്കളും കച്ചവടക്കാരും വിശ്രമിക്കാനിറങ്ങിയ ഇടം, പരശുരാമൻ സൃഷ്ടിച്ച 64 നമ്പൂതിരി ഗ്രാമങ്ങളിൽ ഒന്ന്, ബൗദ്ധ കേന്ദ്രം എന്നിങ്ങനെയെല്ലാം ഇടപ്പള്ളിയെ ഐതിഹ്യങ്ങളിലും ചരിത്രത്തിലും രേഖപ്പെടുത്തിയിരിക്കുന്നു. മഹാകവി ചങ്ങമ്പുഴയുടെയും ഇടപ്പള്ളി രാഘവൻ പിള്ളയുടെയും ജന്മം കൊണ്ട് അനുഗ്രഹീതമായ ഇടപ്പള്ളി കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ വളരെയധികം പ്രശസ്തമാണ്. ചരിത്ര പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ ഇടപ്പള്ളി സെ. ജോർജ്ജ് പള്ളിയുടെ കീഴിൽ കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ 1969-ൽ പെൺകുട്ടികൾക്ക് മാത്രമായി സ്ഥാപിതമായ വിദ്യാലയമാണ് പയസ് ഗേൾസ് ഹൈസ്കൂൾ.

## 2. വിദ്യാലയത്തിന്റെ ചരിത്രം

ഇടപ്പള്ളി പള്ളി മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന സെ. ജോർജ്ജ് ഹൈസ്കൂളിൽ നിന്നും 600 പെൺകുട്ടികളും 15 അദ്ധ്യാപകരും 3 അനധ്യാപകരുമായി 1969-ൽ പയസ് ഗേൾസ് ഹൈസ്കൂൾ സ്ഥാപിതമായി. പിന്നീട് ഓരോ വർഷവും മാനേജർമാർ പുതിയ ബിൽഡിങ്ങുകൾ അനുവദിക്കുകയും പുതിയ അദ്ധ്യാപകരെ നിയമിക്കുകയും ചെയ്തു. 1970-ലെ SSLC ഫലം 85% ആയിരുന്നു. പിന്നീടത് 98% വരെയായി. 2010 മുതൽ 2025 പയസ് ഗേൾസ് ഹൈസ്കൂൾ 100% വിജയം കൈവരിക്കുകയുണ്ടായി.

ഈ വിദ്യാലയത്തിൽ നിന്നും സംസ്ഥാന തലത്തി വികസന ചെയർപേഴ്സണായ ടി. എൻ. സീമയെ പോലെ നിരവധി പേരാണ് കലാ - സാംസ്കാരിക ഭരണ രംഗങ്ങളിൽ രാജ്യത്തിനകത്തും പുറത്തും സേവനം അനുഷ്ഠിച്ച് വരുന്നു. "I Share പദ്ധതിയിലൂടെ കുട്ടികളിൽ നിന്നും അധ്യാപകരിൽ നിന്നും ശേഖരിക്കുന്ന പണം ഉപയോഗിച്ച് രോഗബാധിതർക്ക് ചികിത്സാസഹായം ചെയ്തുവരുന്നു.

3. വിദ്യാലയം മികവിന്റെ കേന്ദ്രം.

1. പഠന പാഠ്യേതര വിഷയങ്ങളിൽ കുട്ടികളുടെ സജീവ പങ്കാളിത്തം സൃഷ്ടിക്കൽ.
2. കുട്ടികളിലെ മാനസിക സംഘർഷം കുറക്കുക, പഠന വൈകല്യം പരിഹരിക്കാൻ രക്ഷിതാക്കളെ പ്രാപ്തരാക്കുന്നതിനുവേണ്ടി ടേം പരീക്ഷകൾ കഴിയുമ്പോൾ മാതാപിതാക്കൾക്ക് വിവിധ മേഖലകളിലുള്ള വിദഗ്ദരുടെ നേതൃത്വത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകൽ.
3. മാനവിക മൂല്യങ്ങളിൽ ഊന്നിനിന്ന് പരിസ്ഥിതി സംരക്ഷിക്കാനും പ്രധാനമന്ത്രിയുടെ 'സ്വച്ഛഭാരത്' പദ്ധതി നടപ്പിലാക്കാനും പ്രകൃതി വിഭവങ്ങൾ വരും തലമുറക്കുവേണ്ടി കാത്തുവെയ്ക്കാനും സുസ്ഥിര വികസനം നടപ്പിലാക്കാനും കുട്ടികളെ പ്രാപ്തരാക്കൽ.

4. ശുചിത്വം, ദിനാചരണ, തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

4. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ.

1. എസ്.ആർ.ജി യോഗത്തിൽ പ്രധാനാധ്യാപകർ വിഷൻ 2K30 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
2. വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ, എസ്.ആർ.ജി, എസ്.എം.സി, പി.ടി.എ, എം.പി.ടി.എ, ഒ.എസ്.എ പ്രതിനിധികൾ ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
5. പി.ടി.എ നേതൃത്വത്തിൽ ക്രോഡീകരിച്ച പദ്ധതി രേഖ തയ്യാറാക്കൽ.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണത്തിൽ

## അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്ര പോഷണ പരിപാടി
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ലബോറട്ടറി ആധുനിക വൽക്കരിക്കൽ
- പ്രതിഭാ പോഷണ പരിപാടി
- നാടകക്കളരി
- ഗവേഷണാത്മക പ്രവർത്തനങ്ങൾ
- ജൈവ വൈവിധ്യ പാർക്ക്
- സാഹിത്യ പോഷണ പരിപാടികൾ
- കായിക പഠനം
- പഠനയാത്രകൾ
- സെമിനാറുകൾ
- കലാകായിക മേളകൾ
- ഐടി പരിശീലനം
- അധ്യാപക ശാക്തീകരണ പരിപാടികൾ
- ദിനാചരണം
- ക്ലാസ് പി.ടി.എ സംഘടിപ്പിക്കൽ
- സ്കൂൾ പത്രം
- എസ്.ആർ.ജി. ശാക്തീകരണം
- ശാസ്ത്രാഭിരുചി വളർത്തൽ
- പച്ചക്കറി തോട്ടം
- രചനാ ശില്പശാല
- അഭിമുഖങ്ങൾ
- ബോധവൽക്കരണ പരിപാടി
- ഗണിതലാബ്, ഗണിതോപകരണ നിർമ്മാണം
- ടേം മൂല്യനിർണ്ണയം, നിരന്തര വിലയിരുത്തൽ

## ഭൗതികം

- ക്ലാസ് മുറികൾ
- ലൈബ്രറി
- അടുക്കള
- ടോയ്‌ലറ്റ്
- ലബോറട്ടറി
- ജലവിതരണ സൗകര്യം
- ഉദ്യാനവും കൃഷിത്തോട്ടവും
- ഉദ്യാനച്ചെടി
- ഉച്ചഭക്ഷണ പുര
- ഗണിതോത്സവം
- സൈക്കിൾ ഷെഡ്

## സാമൂഹികം

- പി.ടി.എ ശക്തിപ്പെടുത്തൽ
- വിദ്യാലയ വികസന സമിതി
- പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം.
- ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വ അധ്യാപകർ, സർക്കാർ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്തൽ.
- ക്ലാസ് പി.ടി.എ മാതൃകാപരമാക്കാനുള്ള നടപടികൾ
- വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ
- പഠനക്കൂട്ടം
- ഭവന സന്ദർശനം.

## പ്രതീക്ഷിത നേട്ടങ്ങൾ

- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- "സ്കൂൾ സമൂഹത്തിന്" എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം സാക്ഷാത്കരിക്കപ്പെടുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- ഗുരുശിഷ്യബന്ധം വിശ്വാസം നിലനിർത്താൻ സാധിക്കുന്നു.
- സ്കൂളിൽ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ സാധിക്കുന്നു.
- കുട്ടികൾ എല്ലാ വിഷയങ്ങളിലും നിർദ്ദിഷ്ട ശേഷികൾ കൈവരിക്കുന്നു.
- മത്സരപരീക്ഷകളിൽ ഉന്നത വിജയം കൈവരിക്കുന്നു.
- സമൂഹവുമായി ഇടപഴകിക്കൊണ്ട് സമൂഹജീവിതത്തിന് ആവശ്യമായ നൈപുണികൾ സ്വായത്തമാക്കുന്നു.
- കുട്ടികളിൽ "വിശ്വമാനവികത" എന്ന കാഴ്ചപ്പാട് രൂപീകരിക്കാൻ സാധിക്കുന്നു.

## മോണിറ്ററിംഗ് രീതി

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിറ്ററിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.
- പൊതുവിൽ മോണിറ്ററിംഗ് രീതി (പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി. എസ്.എസ് ആർ.ജി ഒ.എസ്.എ എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കുന്നു.

• ഒരുമാസത്തെ മോണിറ്ററിംഗ് എച്ച്. എം. എസ്.ആർ ജി കൺവീനർ, പിടിഎ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

## ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാ പ്രക്രിയയാണ് വിദ്യാഭ്യാസം. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ ഒട്ടും ചോർന്നുപോകാതെ ശാസ്ത്രബോധം, സാമൂഹിക പ്രതിബദ്ധത, പരിസ്ഥിതി സംരക്ഷണം, ജനാധിപത്യ മൂല്യങ്ങൾ, സ്വയം പര്യാപ്തത തുടങ്ങിയ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകിക്കൊണ്ട് നാടുകൾക്ക് ഒരു വിളക്കാകാൻ സജ്ജമായ നമ്മുടെ വിദ്യാലയത്തിന്റെ പെരുമയും മഹിമയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ സാധിക്കുമെന്ന പ്രതീക്ഷയോടെ നമ്മുടെ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു..

നിലവിലെ അവസ്ഥാ വിശകലനം

(എ) ഭൗതികം - നേട്ടങ്ങൾ

ചുറ്റുമതിലോടുകൂടിയ വൃത്തിയുള്ളതും ലൈറ്റിങ്ങ് സൗകര്യം ഉള്ളതുമായ സ്കൂൾ പരിസരം. ആധുനിക സൗകര്യങ്ങളോട് കൂടിയ ടോയ്‌ലറ്റ് കോംപ്ലക്സ്, വൃത്തിയുള്ള അടുക്കളയും ഡൈനിംഗ് ഹാളും, ക്ലാസ്മുറികളിൽ ഫാനുകൾ സംവിധാനം കുട്ടികൾക്കനാവശ്യമുള്ള ഉപകരണങ്ങൾ വികസന പ്രവർത്തനങ്ങൾ കുറിച്ചിട്ട് ...ങ്ങളും സ്കൂളിന്റെ മുൻവശത്ത് നിലത്തിട്ട. വാട്ടർപ്യൂരിഫയറോടു കൂടിയ ശുദ്ധജല ലഭ്യത ഉറപ്പാക്കിയിരിക്കുന്നു. സാനിറ്ററി നാപ്കിൻ നിർമാർജ്ജനം ചെയ്യുന്ന ഇൻസിനറേറ്ററും സ്ഥാപിച്ചിട്ടുണ്ട്. ആരോഗ്യമുള്ള മനസ്സും ശരീരവും കുട്ടികൾക്ക് പ്രദാനം ചെയ്യുന്നതിന യോഗാ പരിശീലന ഹാൾ സ്ഥാപിതമാണ്.

(ബി) ഭൗതികം - പരിമിതികൾ

നിലവിലുള്ള ലാബോറട്ടറിയും നവീകരണത്തിനു വേണ്ട ആലോചനകൾ നടന്നുവരുന്നു. സ്വന്തമായി സ്കൂൾ വാഹനം ഇല്ല. നിലവിലുള്ള കളിസ്ഥലം ഉയർന്ന നിലവാരത്തിലേക്ക് ഉയർത്തുന്നതിനെക്കുറിച്ച് ആലോചനയിലാണ്.

(സി) അക്കാദമികം - നേട്ടങ്ങൾ

തുടർച്ചയായ വർഷങ്ങളിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയം നിലനിർത്തി വരുന്നു. USS പരീക്ഷകളിൽ, ക്വിസ്

മത്സരങ്ങൾ തുടങ്ങിയ വിവിധ മേഖല പരിപാടികളിൽ കുട്ടികൾ പങ്കെടുത്തുവരുന്നു.

ഹോക്കി, ബാഡ്മിന്റൺ, ചെസ് തുടങ്ങിയ കായിക ഇനങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെയ്ക്കുന്നു. JRC, ഗൈഡിംഗ് യൂണിറ്റുകളുടെ സജീവ പ്രവർത്തനം. കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുന്നതിനായി എല്ലാ കുട്ടികൾക്കും ബാങ്ക് അക്കൗണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്.

ജൂബിലി വർഷത്തോടനുബന്ധിച്ച് പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളും പരസ്യ ശ്രുതി എന്ന വിശേഷാൽ പതിപ്പ് പുറത്തിറക്കി.

(vi) അക്കാദമിക - പരിമിതികൾ

കമ്പ്യൂട്ടർ വൽക്കരണം ലൈബ്രറിയും വിപുലീകരിക്കേണ്ടതായ ക്ലാസ് ലൈബ്രറിയും വേണം, ആധുനിക വൽക്കരിച്ച ലബോറട്ടറി ആവശ്യമാണ്. കലാകായിക പരിശീലനത്തിന് വേണ്ട ഉപകരണങ്ങൾ കുറവാണ്. പെൺകുട്ടികളുടെ സ്വയം പ്രാപ്തരാക്കുന്നതിന് വേണ്ട തൊഴിൽ പരിശീലനത്തിനായി തയ്യൽ ക്ലാസുകൾ ആരംഭിക്കണം.

| പ്രവർത്തനങ്ങൾ | കാലം |
|---|---|
| മലയാളത്തിളക്കം മാതൃകയിൽ അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകർന്നെടുപ്പ് | ജൂൺ - ജൂലൈ എല്ലാ ദിവസവും. |
| വായന പ്രോത്സാഹിപ്പിക്കുന്നതിന് കുട്ടികൾക്ക് ഇഷ്ടമുള്ള സമയത്ത് വായിക്കുന്നതിന് വായനമൂലകൾ ക്ലാസ് മുറികളിൽ ഒരുക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ അവയുടെ പൂർണ്ണരൂപത്തിൽ ലഭ്യമാക്കുന്നു. | ജൂൺ - ജനുവരി |
| കുട്ടികൾ തയ്യാറാക്കുന്ന ചിത്രങ്ങൾ ചെറുകഥകൾ തുടങ്ങിയ കലാസൃഷ്ടികൾ ചേർന്ന് പതിപ്പുകൾ തയ്യാറാക്കുന്നു. | ജൂൺ - ജനുവരി |
| പാഠഭാഗവുമായി ബന്ധപ്പെട്ട ICT പ്രവർത്തനങ്ങൾ കണ്ടെത്തി ദിനംതോറും കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. | ആവശ്യാനുസരണം. |
| പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കും അന്യസംസ്ഥാന കുട്ടികൾക്കും ഭാഷാപഠനത്തിന് പ്രത്യേക സമയം കണ്ടെത്തി ആവശ്യമായ പിന്തുണ നൽകുന്നു. | ജൂൺ -ജനുവരി |

# ACADEMIC MASTER PLAN - 2025-26

# CLASS - V, VI, VII

# ENGLISH

## OBJECTIVES

- → To improve the reading and writing skills.
- → To read and enjoy simple stories and poems.
- → To develop a habit of reading.
- → To communicate effectively in English language.
- → Enable students to enjoy the beauty of art.
- → To improve their imagination.
- → To communicate effectively to express their ideas in English.
- → To create confidence among the pupils.

## ACTIVITIES

- → Conducting English assemblies.
- → Using four line books to improve handwriting.
- → Conducting poster making competitions.
- → Answer the simple questions in English during the classroom interaction.
- → Role plays based on textbook.
- → Preparation of book reviews based on the book they have read from the library.
- → Class library.
- → News reading in English during school assemblies.
- → Short story writing competitions.
- → Conducting poem writing competitions.
- → Conducting language games such as guessing a word by acting it, drawing a picture using the instructions provided, etc.

## PERIOD

JUNE – MARCH

Timely execution of the activities according to the content of the lessons.

| लक्ष्य | गतिविधि | अवधि | भौतिक | संसा[illegible] |
|---|---|---|---|---|
| 1. यू.पी स्तर पर सभी बच्चों के लिए पत्र शब्द और अवधारणाएँ | • अक्षर लिखना।<br>• प्रतीक की पूर्ति<br>• एक फ्लैश लिखित कार्ड<br>• क्लास में वर्णमाला प्रदर्शनी<br>• ऑनलाइन वर्णमाला के खेल<br>• शब्द निर्माण<br>• वाक्यों का निर्माण<br>• कुछ पत्र श्रेणी में यहाँ वापसी का कोई मोड नहीं प्रि टेस्ट गतिविधियों को चलाने ऊपर से बच्चों में लागू किया जा सकता है। | जून से अगस्त | वर्णमाला, पाठ्यपुस्तक | श्री.अ[illegible]<br>एन.[illegible]<br>आप([illegible]<br>आवश्[illegible]<br>संसा[illegible]<br>शिक्ष[illegible] |
| 2. घर एक प्रयोगशाला है। रसोई, अलमारी और इस्तेमाल की गई वस्तुओं के नाम हिंदी में सीखें | घर में उपयोग में आनेवाले घरेलू उपकरणों सहित घरेलू सामानों की हिंदी में सूची तैयार करें।<br>• ICT की मदद से। | सितंबर से अक्तूबर | हिंदी शब्दकोश | पी.[illegible]<br>श्री अ[illegible]<br>संसा[illegible]<br>शिक्ष[illegible] |

| लक्ष्य | गतिविधि | अवधी | भौतिक | सहायता |
|---|---|---|---|---|
| 3 विचारों गलतियां के बिना रचनात्मक लेखन व्यक्त करें विकास सूची तैयार करने का अवसर | • हिंदी विधान सभा<br>• हिंदी दिवस समारोह 14 सितंबर और 10 जनवरी<br>• कलाश लाईब्रेरी<br>• अतिरिक्त पढ़ना सामग्रीयाँ<br>• चित्र की सहायता से स्टोरीबोर्ड की तैयारी<br>• इमेज कैप्शन<br>• स्टोरी टेलिंग<br>• चित्र कहानी लेखन<br>• वाचन कोना<br>• हिंदी कहानी लेखन<br>• हिंदी क्लब गतिविधियाँ | नवंबर से फरवरी तक | पुस्तकें | बी आ... सी<br>वी टी ...<br>पंज ...<br>आर. टी... |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

മേഖല - അടിസ്ഥാന ശാസ്ത്രം - Std. 5, 6, 7.

പൊതുവായ ലക്ഷ്യങ്ങൾ

- കുട്ടികളിൽ ശാസ്ത്രത്തോടുള്ള അഭിരുചി വളർത്തിയെടുക്കുക.
- കുട്ടികളിലെ നിരീക്ഷണപാടവം വർദ്ധിപ്പിച്ച് കൂടുതൽ ശാസ്ത്ര അറിവുകൾ സ്വായത്തമാക്കുവാൻ പ്രാപ്തരാക്കുക
- പോഷകാഹാരത്തെയും അവയുടെ പ്രാധാന്യത്തെയും കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക.
- കുട്ടികളിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.
- മാലിന്യനിർമ്മാർജ്ജനത്തെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ വളർത്തിയെടുക്കുക

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയപരിധി |
|---|---|---|
| • ശാസ്ത്രാഭിരുചി വളർത്തുക | Science Quiz, ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ | 8 മാസം. |
| • നിരീക്ഷണപാടവം വർദ്ധിപ്പിക്കുക. | • നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന വിവിധതരം ആസിഡുകളെയും ആൽക്കലികളെയും കണ്ടെത്തുക. • പ്രകാശവുമായി ബന്ധപ്പെട്ട പ്രകൃതിയിലെ വിവിധ പ്രതിഭാസങ്ങൾ കണ്ടെത്തൽ. | 6 മാസം. |
| • പോഷകാഹാരത്തിന്റെ പ്രാധാന്യം തിരിച്ചറിയുക | • ചെറുധാന്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുന്നതിനായി Food fest സംഘടിപ്പിക്കൽ | 10 മാസം. |
| • കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കൽ | • സ്വന്തം ആവശ്യത്തിനുള്ള ഒരു പച്ചക്കറിയെങ്കിലും ഉത്പാദിപ്പിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. | 10 മാസം. |

| | | |
|---|---|---|
| • മാലിന്യ നിർമ്മാർജ്ജനം | • മാലിന്യങ്ങളെ തരം തിരിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക. ബോധവത്കരണ ക്ലാസുകൾ നൽകുക<br>• പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കാൻ പ്രേരിപ്പിക്കുക.<br>• പേപ്പർ ബാഗിന്റെ നിർമ്മാണം<br>• തുണിസഞ്ചിയുടെ നിർമ്മാണം | 10 മിനു. |
| | | |

ക്ലാസ് - 5,6,7 അക്കാദമിക മാസ്റ്റർ പ്ലാൻ 2025- 2026 വിഷയം: സാമൂഹ്യ

ലക്ഷ്യങ്ങൾ :

* സാമൂഹികപ്രശ്നങ്ങളെ കുട്ടികൾ അറിഞ്ഞ് പ്രതികരിക്കാൻ പ്രാപ്തരാക്കുക.
* ദിനാചരണങ്ങളുടെ പ്രാധ്യാനം അറിഞ്ഞ് ബോധവൽക്കരണങ്ങൾ നടത്തുന്നു.
* രാഷ്ട്രീയ ബോധം, സൃഷ്ടിക്കാനും, അവകാശങ്ങളും, കടമകളും - പ്രാധ്യാനം മനസ്സിലാക്കി നൽ

| | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം |
|---|---|---|---|
| 1 | പരിസ്ഥിതിയെ സംരക്ഷിക്കാനും മലിനീകരണം തടയുവാനും പ്രകൃതിയെ നാളേയ്ക്കായി സംരക്ഷിക്കുവാനും ഉള്ള മനോഭാവം വളർത്തിയെടുക്കുന്നു. | പരിസ്ഥിതി ദിനാചരണം "ഒരു തൈ നടൽ" മരം സംരക്ഷണത്തെ പറ്റി ബോധവൽക്കരണം, Role Play, കവിതാലാപനം എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ - ജൂ |
| 2. | പ്രപഞ്ചത്തെ അറിയാൻ പഠിക്കാൻ കണ്ടുപിടിത്തങ്ങൾ നമ്മിന്റെ മേഖലകളെ പരിചയപ്പെടുത്തുന്നു. | ക്വിസ്, വൈവിധ്യങ്ങളുടെ ലോകത്തിലെ കണ്ടുപിടിത്തങ്ങളുടെ വീഡിയോ അവതരണം. | ജൂലൈ |
| 3. | സമൂഹത്തിന്റെ മാറ്റങ്ങൾ, പ്രശ്നങ്ങൾ വെല്ലുവിളികൾ നേരിട്ടറിയാൻ, നേരിടാൻ ഉള്ള ആത്മധൈര്യം വളർത്തുന്നു. | സെമിനാർ, ചർച്ചകൾ, കുട്ടികൾ പ്രശ്ന പരിഹാരങ്ങൾ കണ്ടെത്തി നിർദ്ദേശിക്കുന്നു. | ആഗസ്റ്റ് - സെ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 4. ഇന്ത്യയുടെ പൗരൻ എന്ന ബോധം വളർത്തുന്നു. വിവിധങ്ങളായ ഭാഷാ വൈവിധ്യങ്ങൾ, ആചാരങ്ങൾ, മനസ്സിലാക്കി ഇന്ത്യയുടെ സവിശേഷമായ വൈവിധ്യങ്ങളെ കണ്ടെത്തുന്നു. | സാമൂഹ്യശാസ്ത്ര പഠനപരിപോഷണത്തിനാവശ്യമായ ഒരു നിരീക്ഷണ പാടവത്തിനുതകുന്ന തരത്തിൽ വ്യക്തികൾ, സ്ഥാപനങ്ങൾ സ്ഥലങ്ങൾ എന്നിവയെപ്പറ്റി പ്രാദേശിക ചരിത്ര രചനകളെയും, ഭൂപടനിർമ്മാണത്തിനായി കുട്ടികളെ സജ്ജരാക്കുന്നു. | നവംബർ - ജന |
| 5. അനുകാലിക വിഷയങ്ങളെ പഠന കേന്ദ്രമാക്കി അറിയാൻ ഉള്ള പ്രതികരണ പ്രവർത്തനങ്ങളിൽ കുട്ടികളെ ഏർപ്പെടുത്തുന്നു. | Poster പ്രദർശനം, വിവരങ്ങൾ ശേഖരിച്ച് സാമൂഹ്യതിന്മകളെ അറിഞ്ഞ് അതിനെ പറ്റി ക്ലാസ് നടത്താൻ ഉള്ള വേദി ഒരുക്കി നൽകുന്നു. | ഫെബ്രുവരി - മ |

# Academic Master Plan 2025-26
## Mathematics - UP

പൊതുവായ ലക്ഷ്യങ്ങൾ.

1) നിത്യജീവിതത്തിൽ ആവശ്യമായ ചതുഷ്ക്രിയകൾ, അളവുകൾ, പണമിടപാടുകളിലെ രീതികൾ, കൃത്യതയോടും സൂക്ഷ്മതയോടും കൂടി ചിന്തകൾ എന്നിവ നിർമ്മിക്കാം എന വരയെക്കുറിച്ച് ധാരണയുണ്ടാക്കുക

2) ഗണിതോത്സവം - ഗണിതം കൂടുതൽ ആസ്വാദ്യവും ലളിതവുമാക്കുന്നു.

| പ്രവർത്തനങ്ങൾ | |
|---|---|
| * ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുന്നു.<br>· കളികളുമായി ബന്ധപ്പെടുത്തി കുട്ടികളുടെ പഠനനിലവാരം മനസ്സിലാക്കുന്നു.<br>10ന്റെ കൂട്ടുകാരെ കണ്ടെത്തുക എന്ന പ്രവർത്തനം.<br>1+9, 2+8, 3+7, 4+6, 5+5 - - - - -<br>CWSN - ഒന്നെങ്കിലും സംഖ്യ നൽകി വായിപ്പിക്കുന്നു. ഉന്നത പട്ടിക ഉറപ്പിക്കുന്നു. | June |

| | |
|---|---|
| * പുതിയ ഗണിത TB യിലെ പുതിയ ഭാഗങ്ങൾ അവതരിപ്പിക്കുന്നു | July |
| * ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിതമാക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ജ്യാമിതീയ രൂപങ്ങൾ നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു. | July, August |
| * ഗണിതോത്സവത്തിന് മുന്നോടിയായി, ഗണിതപ്പാട്ട്, ഗണിത കഥ, ഗണിതത്തിന്റെ പ്രാധാന്യം, ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ, മനക്കണക്ക്, ഗണിത ക്വിസ് എന്നിവ നൽകുന്നു. | September |
| * ഗണിത നിഘണ്ടു നിർമ്മാണം: കുട്ടികൾ സ്വയം നിർമ്മിച്ച ഗണിത നിഘണ്ടുവിൽ പുതുതായി പഠിച്ച കാര്യങ്ങൾ കൂടി ഉൾപ്പെടുത്തുന്നു. | October November. |
| * ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. ഗുണനപട്ടികയുടെ ഉപയോഗം തിരിച്ചറിയുന്നു. | |
| * ഗണിത മേളയോടനുബന്ധിച്ച് സംഖ്യാ പാറ്റേണുകൾ, ജ്യാമിതീയ പാറ്റേണുകൾ, പസിലുകൾ, still model എന്നിവ പ്രദർശിപ്പിക്കുന്നു. | November December |
| ചതുഷ്ക്രിയകൾ സംഖ്യാബോധം എന്നിവ കൂടി ഉറപ്പിക്കുന്നതിനായി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി രാവിലെ Special class കൾ നടത്തുന്നു. | January February. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 (കായിക വിദ്യാഭ്യാസം)

STD - V to X

**മേഖല:** ആരോഗ്യ കായികമേഖല.

**ഉദ്ദേശം:** കുട്ടികളിൽ ആരോഗ്യകായിക ക്ഷമത കൈവരിക്കുക.

**ആമുഖം:** കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനമനുസരിച്ച് കുട്ടികളിൽ കായികക്ഷമത അനുദിനം കുറഞ്ഞു വന്നു കൊണ്ടിരിക്കുകയാണ്. ശരിയായ ആരോഗ്യകായിക അവബോധ വിദ്യാഭ്യാസമാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്. കുട്ടിക്കാലത്തെ പോസ്ചറിനുള്ള ശീലങ്ങൾ, യൗവനത്തിലും വാർദ്ധക്യത്തിലുമുള്ള ആരോഗ്യത്തിന് കോട്ടം ഉണ്ടാക്കുന്നു. ഇന്നത്തെ ആധുനിക ജീവിതശൈലി കുട്ടികളെയും മുതിർന്നവരെയും ഒന്നുപോലെ പ്രവർത്തന മാന്ദ്യമുള്ളവരാക്കുന്നു.

**ലക്ഷ്യം:** കായികക്ഷമത കൈവരിക്കൽ ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ.

പ്രവർത്തനം : യോഗ
എയ്റോബിക്സ്
ഫീൽഡ് അത്‌ലറ്റിക്സ്
മത്സരങ്ങൾ: ഹോക്കി, ഷട്ടിൽ, കരാട്ടെ, ടെന്നികോയ്റ്റ്.

ഏഴാം ക്ലാസ്സുകളിലെയും കുട്ടികൾക്ക് വിവിധതരം കളികളെ കുറിച്ച് വിവിധ രോഗങ്ങളെ കുറിച്ചും അതിന്റെ അവസ്ഥകളെ കുറിച്ചും ബോധവാന്മാരാക്കുന്നു.

കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുന്നു. സ്കൂൾതലം, ഉപജില്ലാതലം, ജില്ലാതലം, സോണൽ തലം, സംസ്ഥാന തലം ദേശീയതലം വിജയികൾക്ക് മെഡലും സർട്ടിഫിക്കറ്റു നൽകുന്നു.

കാലം:: ആഴ്ചയിൽ 2 ദിവസം വീതം

ചുമതല: കായിക അധ്യാപിക.

സാമ്പത്തികം : സ്പോൺസർ ഷിപ്പ്.

# ACADAMIC PLAN WORK INTEGRATED EDUCATION

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം 2025-26

Std - V to X

കുട്ടികളുടെ നൈസർഗികമായ കലാവാസനകളെ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക, കലകളുടെ ആസ്വാദനം ഉൾക്കൊണ്ടും സാമൂഹിക ജീവിതത്തിൽ മാനസിക കാഴ്ചപ്പാടുകൾ രൂപീകരിക്കുക. കലകളെ ഉപയോഗപ്പെടുത്തി മറ്റു വിഷയങ്ങളുടെ പഠനം ഫലപ്രദമാക്കുന്നതിന് ബഹുമുഖ ബുദ്ധിവികാസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കുട്ടികളിലെ ആസ്വാദന നിലവാരം ഉയർത്തുന്നതിന് ഉല്പാദന തൊഴിൽ നേടുന്നതിനുള്ള ശേഷികൾ ആർജ്ജിക്കാനും നേടുന്ന ശേഷികളെ ജീവിതത്തിൽ പ്രയോജനപ്പെടുത്താനും സാമൂഹിക ബോധമുള്ള പുതിയൊരു തൊഴിൽ സംസ്കാരത്തിന്റെ വക്താക്കളാക്കി പുതിയ തലമുറയെ വാർത്തെടുക്കുകയും വ്യക്തിയുടെ സമഗ്ര വികാസം ലക്ഷ്യമാക്കുകയും ചെയ്യുക എന്നതാണ് തൊഴിൽ ഉദ്ഗ്രഥിത പഠനം കൊണ്ട് ലക്ഷ്യമാക്കുന്നത്.

പ്രവർത്തനങ്ങൾ

തൊഴിൽ പഠനത്തെ വിവിധ മേഖലകളിലൂടെ പഠനം സാധ്യമാകുന്നു. മനുഷ്യന്റെ അത്യന്താപേക്ഷിതമായ ആവശ്യങ്ങളെ മുൻനിറുത്തി പഠനം സാധ്യമാകുന്നു.

മേഖലകൾ

- ആഹാരം കൃഷി

- വസ്ത്രം
- പാർപ്പിടം
- വിനോദം
- ഭക്ഷണം

സ്വന്തം ജീവിതത്തെ ചിട്ടപ്പെടുത്താനും തനിക്കുലഭിച്ച അറിവുകളിലൂടെ സ്വന്തം തൊഴിൽ തെരഞ്ഞെടുക്കാനും മികച്ച വ്യക്തിത്വം വളർത്തിയെടുക്കാനും മികച്ച രാഷ്ട്രനിർമ്മാതാക്കാനും ഉള്ള ലക്ഷ്യത്തിലേക്ക് എത്തി ചേർക്കുന്നു.

<u>കാലം</u>

ഓരോ മേഖലയും പരിചയപ്പെടുത്താൻ ആഴ്ചയിൽ 1 ദിവസം

<u>ചുമതല</u>

Work Education അദ്ധ്യാപിക

സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാതലത്തിൽ മത്സര ഇനങ്ങളിൽ പങ്കാളിത്തം.

വാർഷിക മാസ്റ്റർ പ്ലാൻ 2025-26 (കലാവിദ്യാഭ്യാസം)

std - V to X

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സംഗീതത്തെ പരിപോഷിപ്പിക്കൽ | സംഗീത പരിശീലനത്തിനായി "കലാമഞ്ചം" എന്ന പേരിൽ പരിശീലനകേന്ദ്രം ആരംഭിക്കുക. ചിട്ടയായ ശാസ്ത്രീയ സംഗീതപഠനത്തിന് നേതൃത്വം നൽകുന്നു. | ആഴ്ചയിൽ 2 ദിവസം | ബിജിത M.R. |
| ഭാരതത്തിലെ വിവിധ കലാരൂപങ്ങളെ പരിചയപ്പെടുത്തൽ. | ശാസ്ത്രീയ സംഗീതം ശാസ്ത്രീയ നൃത്തം ചിത്രരചനാ സമ്പ്രദായങ്ങൾ, നാടക കൃതികൾ, സിനിമാ പ്രവർത്തനങ്ങൾ (കലാമൂല്യമുള്ള സിനിമകൾ) എന്നിവ കുട്ടികളിൽ എത്തിക്കുക. | ആഴ്ചയിൽ 3 ദിവസം | ബിജിത M.R. |
| വിവിധ സംഗീത ഉപകരണങ്ങൾ അറിയൽ | കർണ്ണാടക സംഗീതലോകത്തെ വിവിധ സംഗീത ഉപകരണങ്ങളെ ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെ പരിചയപ്പെടുത്തുന്നു. | ആഴ്ചയിൽ 2 ദിവസം | ബിജിത. M.R. |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26
## മലയാളം

### പൊതുവായ ലക്ഷ്യങ്ങൾ

× സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും മാതൃഭാഷ ഫലപ്രദമായി എഴുതുവാനും, വായിക്കുവാനും, സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

× ഓരോ ക്ലാസിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പാക്കുക.

× മാതൃഭാഷാപഠനം ലളിതവും, രസകരവും, ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

× ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം ഉറപ്പിക്കൽ<br>എഴുത്തും വായനയും എളുപ്പമാക്കൽ | അക്ഷരങ്ങൾ, പദങ്ങൾ, ചിഹ്നങ്ങൾ വാക്യങ്ങൾ എന്നിവ നന്നായി ഉറപ്പിക്കുന്നതിനായി പകർത്തെഴുത്ത് പത്രവായന, ഡയറി എഴുത്ത് തുടങ്ങിയവ | ദിവസവും |
| ഗ്രന്ഥശാല ശാക്തീകരണം<br>വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ<br>അവസരമൊരുക്കൽ | കുട്ടികൾക്ക് ഏത് സമയത്തും വന്ന് വായിക്കാൻ പറ്റുന്ന രീതിയിൽ വായനാമൂല ക്ലാസ് മുറികളിൽ സജ്ജീകരിക്കുന്നു. വിവിധ നിലവാരക്കാർക്ക് അനുസൃതമായ പുസ്തകങ്ങൾ ലഭ്യമാക്കുന്നു. | ജൂൺ - മാർച്ച് |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം - സമഗ്ര വികസനം | ദിനാചരണങ്ങൾ നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | നിശ്ചിത ദിവസങ്ങളിൽ |
| മലയാള ഭാഷാ പ്രാവീണ്യം നേടൽ - സർഗ്ഗാത്മക രചന | ചുമർ പത്രം - കുട്ടികൾ അവർ തയ്യാറാക്കിയ സൃഷ്ടികൾ സ്കൂളിൽ പ്രത്യേകം തയ്യാറാക്കിയ സാഹിത്യ ചുമരിൽ പ്രദർശിപ്പിക്കുന്നു. | മാസത്തിൽ ഒന്നുവീതം. |
| കവികളെയും കൃതികളെയും പരിചയപ്പെടൽ | പാഠപുസ്തകത്തിൽ പരാമർശിക്കുന്നതും അല്ലാത്തതുമായ പ്രധാന എഴുത്തുകാരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കണം. | വർഷം |
| ഉയർന്ന സാഹിത്യാഭിരുചി വളർത്തുന്നു. | ചെറിയ കഥകളും കവിതകളും നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുന്നു. മികച്ചവ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു. | |
| നാടകീകരണം | പാഠഭാഗത്തെ ആശയങ്ങൾ നാടകരൂപത്തിൽ അവതരിപ്പിക്കുന്നു. സംഭാഷണ രചനയിൽ ഏർപ്പെടുന്നു. | സെപ്തംബർ-ഡിസംബർ |

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| വിവിധ കലാപരിപാടികൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള സാഹചര്യം ഒരുക്കൽ | അഭിനയം / അവതരണം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു. | വർഷത്തിൽ |
| ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടൽ | ക്ലാസുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഐ.സി.ടി സാധ്യതകൾ കണ്ടെത്തുന്നു. പഠന വിഭവങ്ങൾ തയ്യാറാക്കുന്നു. | ആവശ്യാനുസരണം. |

# ACADEMIC MASTER PLAN 2025 - 2026

## ENGLISH

CLASS : VIII , IX , X

### AIMS

* To communicate in English
* To improve writing skills.
* To improve reading habits.
* To develop confidence in pupils to express their ideas in own words.
* To use various media to improve English language.

### ACTIVITIES

* Conversation with the help of situations and videos.
* English news reading in assembly.
* Distributing English books from library and preparing Book Review.
* Story Writing Competition
* English drama presentation based on text book.
* English Magazine.
* Wall Magazine.
* English Assembly.

* Introducing books in connection with reading week.
* Recitation
* Speech
* Creative Poetry writing
* Poster Making
* Making placards of poets / authors having complete information.

TIME PERIOD

JUNE TO MARCH

Timely execution of the activities according to the lessons.

अकादमीक मास्टरप्लान VIII IX X 2025-26

सामान्य उददेश्य :-

* सभी बच्चों में प्रभावी ढंग से हिंदी लिखना, पढना और बोलने की क्षमता विकसित
* सुनिश्चित करें की सभी बच्चे प्रत्येक इकाई केलिए आवश्यक सीखने के परिणाम प्राप्त
* हिंदी भाषा सीखने को सरल, मजेदार और आकर्षक बनाने केलिए गतिविधियाँ ।
* हिंदी भाषा सीखने से बच्चों में भाषा के प्रति और देशभक्ति का विकास होता है।

| उद्देश्य | गतिविधियाँ | |
| --- | --- | --- |
| * अक्षर को पहचाने केलिए उच्चारण का परिचय । | * अक्षरोंवाले एक कार्ड दिया गया है। जोर से वाचन करवाते। | जून |
| * पत्र लिखना, पढना और समझने का अवसर । | * आडियो विडियो की मदद से उच्चारण शैली को आगे बढें । | जुला |
| * आसानी से हिंदी पढना और लिखना का परिचय करें दें । | * पदसूत्र प्रश्नावली, सहीमिलान की सहायता से लघु कथा, कविता कहानी आदि तैयार करना। | सितं |
| * कार्टून और कहानियाँ पढकर सोच - विचार करने का अवसर दें । | * कक्षा में दो महीने का कलंडर और छात्र के जन्मतिथि हिंदी लिखना । | अक्तूब |
| * कलंडर की संख्या का परिचय दें । | * वार्तालाप की परिचय केलिए आपसी बातें । | दिसंब |
| * वार्तालाप लिखने और आशय ग्रहण करने का परिचय दें । | | |

| उद्देश्य | गतिविधियाँ | मह |
|---|---|---|
| ★ बच्चों को संज्ञा सर्वनाम और विशेषण का परिचय और समझें ।<br>★ छात्र साईनबोर्ड पर छोटे छोटे Slogan लिखना, और प्रदर्शित करने का अवसर दें ।<br>★ पोस्टर और नारा तैयार करने का अवसर ।<br>★ साहित्य स्वाद और रुचि पैदा करना ।<br>★ सभी पंक्तियाँ करते समय पूरे बच्चों की भागीदारी सुनिश्चित करना ।<br>★ कहानी को पटकथा में बदल जा रहे ।<br>★ डायरी लिखने का नमुना देता है ।<br>★ बच्चों की भाषा सुधार लाने के उद्देश्य से भाषा संबंधी-तथ्यों से संबंधित गतिविधियाँ रचने की विचार पैदा करना ।<br>★ इस साल नवीं कक्षा में एल्बम का परिचय दें । | ★ चित्रों के साथ पढनेवाली किताबें वाचन केलिए देकर वाचन करवाते हैं ।<br>★ चार्ट प्रदान करता है । इसमें से सर्वनाम, विशेषण प्राप्त करें ।<br>★ कहानी भरने केलिए कविता दी ।<br>★ स्लोगन छोटे छोटे दल में प्रस्तुत करने का अवसर देता है ।<br>★ संदर्भ के अनुसार बातचीत करें ।<br>★ कहानी कविता लेख, पोस्टर मेकिंग का आयोजन करता है ।<br>★ हर दिन एक खण्ड भाग लिखने की प्रेरित करती है ।<br>★ कथापात्रों के आधार पर एक ऐतिहासिक नोट तैयार करने का अवसर ।<br>★ एल्बम समझकर तैयार करने का अवसर दें । | जन<br>फर<br>"<br>" |

# ACADEMIC MASTER PLAN - PHYSICS

ലക്ഷ്യങ്ങൾ

* പുതിയ പാഠ്യപദ്ധതിയനുസരിച്ച് പരീക്ഷണ നിരീക്ഷണങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന വിധത്തിൽ ലാബ് സജ്ജീകരിക്കുക.
* എല്ലാ കുട്ടികൾക്കും പരീക്ഷണങ്ങൾ ചെയ്തു നോക്കാൻ കഴിയുന്ന തരത്തിൽ പിരീയഡുകൾ ക്രമപ്പെടുത്തുക
* നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനും ചെറിയ തകരാറുകൾ പരിഹരിക്കുന്നതിനും തക്ക ഉപ [illegible] പ്രവർത്തനങ്ങൾ നടത്തുക.

| പ്രവർത്തനം | കാലഘട്ടം | വിലയിരുത്തൽ |
|---|---|---|
| * പുതിയ I.B പ്രോജക്ടറുകളുടെ ഉപകരണങ്ങൾ, ലഭ്യമായവ പ്രവർത്തനത്തിന് ഉപയോഗ-പ്രദമാകുന്നതിന് ഉപകരണ-ങ്ങൾ മാറ്റി ലാബ് സജ്ജീകരിക്കൽ | ജൂൺ - ജൂലൈ | SRG. |
| * രണ്ട് വിഭാഗങ്ങളായി ചേർന്ന് പരീക്ഷണങ്ങളെ ചെയ്യാൻ കുട്ടി-കൾക്ക് അവസരം ഒരുക്കി കൊടുക്കൽ (Science- workshop) | ജൂലൈ - ഡിസംബർ | SRG. |
| * ബൾബുകൾ, ഫ്യൂസുകൾ, Switch board തുടങ്ങിയ ദൈനംദിന ജീവിതത്തിൽ കൈ-കാര്യം ചെയ്യുന്ന ഉപകരണങ്ങ-ളെ കുറിച്ചുള്ള അറിവ് നേടുക. | ഒക്ടോബർ - ജനുവരി | |

ACADEMIC MASTERPLAN – CHEMISTRY Std VIII, IX, X

MAIN OBJECTIVES :

1. പഠന പ്രക്രിയയിലൂടെ കുട്ടികളുടെ ശാസ്ത്രാഭിരുചി വളർത്തുക
2. ഉത്തമ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ശാസ്ത്രം പഠിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുക.
3. സമൂഹം നേരിടുന്ന സമകാലിക പ്രശ്നങ്ങൾക്ക് — ജലം, വായു, മണ്ണ് മലിനീകരണം — പരിഹാരം കണ്ടെത്താൻ ഉതകുന്ന ആശയങ്ങൾ കണ്ടെത്താൻ കുട്ടികളെ പ്രേരിപ്പിക്കുക

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് |
|---|---|---|
| ഓർഗാനിക് സംയുക്തങ്ങൾ അവയുടെ രാസപ്രവർത്തനങ്ങൾ, നിത്യജീവിതത്തിലെ അവയുടെ ഉപയോഗം എന്നിവ മനസിലാക്കുക | ഓർഗാനിക് സംയുക്തങ്ങളുടെ രാസപ്രവർത്തനങ്ങൾ, നാമകരണം, ആരോമാറ്റിക് ഹൈഡ്രോകാർബണുകൾ ഐസോമെറിസം എന്നിവയെക്കുറിച്ച് വിശദമായി അറിയുന്നു | ജൂൺ - ജൂലൈ |
| രസതന്ത്ര പഠനം ലഘൂകരിക്കുക | സയൻസ് ലാബിൽ നടത്താൻ കഴിയുന്ന എല്ലാ രാസപ്രവർത്തനങ്ങളും കുട്ടികൾ ചെയ്യാൻ അവസരമൊരുക്കുന്നു. | ജൂൺ - ജനുവരി |

| | | |
|---|---|---|
| പിരിയോഡിക് ടേബിൾ പരിചയപ്പെടൽ വിവിധ ഗ്രൂപ്പുകൾ അവയുടെ സവിശേഷതകൾ എന്നിവ അറിയുക. | പാഠപുസ്തകത്തിലെ അറിവുകളോടൊപ്പം ICT ഉപയോഗിച്ച് പിരിയോഡിക് ടേബിളിന്റെ വിശകലനം നടത്തുന്നു. | ജൂൺ... |
| ആറ്റങ്ങൾ തന്മാത്രകൾ രാസസമവാക്യം എന്നിവ മനസിലാക്കുന്നു. | ICT ഉപയോഗിച്ചും മോഡലുകൾ നിർമ്മിച്ചും രാസസൂത്രങ്ങൾ ലളിതമായി കുട്ടികളിലെത്തിക്കുന്നു. | ജൂലൈ... |
| ആദേശ രാസ പ്രവർത്തനങ്ങൾ, ഓക്സീകരണം, നിരോക്സീകരണം, വൈദ്യുത രാസ മാറ്റങ്ങൾ എന്നിവ ആശയങ്ങൾ കുട്ടികളിലേക്ക് നൽകുന്നു. | സ്വാഭാവിക ഉപ്പു പരീക്ഷണങ്ങൾ ചെയ്തും. ഗാൽവനിക് സെൽ ഇലക്ട്രോലിറ്റിക് സെൽ എന്നിവയുടെ പഠനവും ഇലക്ട്രോഡുകൾ, വ്യാവസായിക പ്രയോഗങ്ങളും കുട്ടികൾ മനസിലാക്കുന്നു. | ഒക്ടോബ... - ഡിസം... |
| രാസ സന്തുലനം ആശയവൽക്കരിക്കുക | ചാർട്ടുകൾ വഴിയും പരീക്ഷണ നിരീക്ഷണങ്ങൾ വഴിയും കുട്ടികൾ രസതന്ത്രം രസകരമായി പഠിക്കുന്നു. | ജനു... - ... |

# ACADEMIC MASTER PLAN

SUBJECT : BIOLOGY

Std VIII , IX , X

## പൊതുവായ ലക്ഷ്യങ്ങൾ

- ★ ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- ★ പുതുതലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
- ★ പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ★ കൊതുകു നിവാരണം പോലുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി പകർച്ചവ്യാധികളിൽ നിന്നും മോചിതരാവുക എന്ന ലക്ഷ്യം സാധ്യമാക്കുക.
- ★ Health Club രൂപീകരണം അതിലൂടെ വിദ്യാലയത്തിലെ അനീമിക് ആയിട്ടുള്ള കുട്ടികളെ കണ്ടെത്തുകയും Iron tablet ന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തുക എന്ന ലക്ഷ്യം സാധ്യമാക്കുന്നതിന്.
- ★ ലഹരി വിമുക്ത cell രൂപീകരിക്കുക അതിലൂടെ കുട്ടികളെ ബോധവൽക്കരണം നടത്തുക
- ★ പരിസ്ഥിതി club ന്റെ സഹായത്തോടെ പച്ചത്തുരുത്ത് നിർമ്മാണം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| 1) കൊതുക് നിവാരണവും ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ | Dry Day ആചരണം. പ്രതിരോധ പ്രവർത്തനങ്ങൾ വീടുകളിലും School പരിസരത്തിലും | പത്ത് മാസം. |
| 2) പ്രകൃതി സംരക്ഷണവും മലിനീകരണം ഒഴിവാക്കൽ | Plastic മുക്ത വിദ്യാലയം നടപ്പാക്കുക<br>വിവിധ തരത്തിലുള്ള ചെടികളെ നട്ട് വളർത്തുക<br>പച്ചക്കറി തോട്ടം നിർമ്മാണം | പത്ത് മാസം |
| 3) ജൈവ വൈവിധ്യം ഔഷധ സസ്യങ്ങളെ പരിചയപ്പെടുത്തൽ | വീടുകളിലെ ഔഷധ സസ്യങ്ങളെ പരിപാലനവും അവയുടെ ചില പ്രയോജനവും. Herbarium നിർമ്മാണം. | ആറ് മാസം |
| 4) ലഹരി വിമുക്ത സമൂഹ രൂപീകരണം | കുട്ടികളിൽ ലഹരിയുടെ ദോഷവശങ്ങൾ മനസ്സിലാക്കി കൊടുക്കുന്നതിനും ലഹരി വിരുദ്ധ സന്ദേശങ്ങൾ നൽകുന്നതിനും. | പത്ത് മാസം |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 5) School ശുചീകരണം ആരോഗ്യ സുചിത്വ സംരക്ഷണം | School ലെ എല്ലാ ക്ലാസിലെയും കുട്ടികളെ Health club ലേക്ക് തെരഞ്ഞെടുക്കുന്നു കുട്ടികളെ ഉൾപ്പെടുത്തി school ഉം പരിസരവും വൃത്തിയാക്കുക.<br>എല്ലാ Friday ഒരു പിരീഡ് Dry Day ആചരിക്കുക.<br>School ലെ അനീമിയ ഉള്ള കുട്ടികളെ കണ്ടെത്തി iron tablet ന്റെ ആവശ്യകതയെക്കുറിച്ച് Awarness Class എടുക്കുകയും iron tablet വിതരണം ചെയ്യുകയും എന്ന ലക്ഷ്യം സാധ്യമാക്കുക.<br>Heath club ന്റെ സഹായത്തോടെ Menstrual hygiene Class കൾ നടത്തുക. ബോധവൽക്കരണം നടത്തുക. | പത്ത് മാസം |

STD VIII, IX, X

# അക്കാദമിക മാസ്റ്റർ പ്ലാൻ - സോഷ്യൽ സയൻസ്

ഹൈസ്കൂൾ 2025-26

## പൊതു ലക്ഷ്യങ്ങൾ

- സാമൂഹ്യ ശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.

  സാമൂഹ്യ ചിന്ത, സാമൂഹ്യ ബോധം, സാമൂഹ്യ ശാസ്ത്ര വിശകലന ശേഷി, enquiry skill....
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യ ശാസ്ത്ര പഠനം ഉപയോഗപ്പെടുത്തുക.
- മതേതര ജനാധിപത്യബോധം വികസിപ്പിക്കൽ, ചരിത്ര ശേഷിപ്പുകൾ നശിപ്പിക്കാതെ വരും തലമുറകൾക്ക് കൈമാറുക.
- അർത്ഥപൂർണ്ണമായ ഭൂപടവായന ക്രമീകരിക്കുന്നു
- പ്രാചീന മധ്യ ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങളെ മനസ്സിലാക്കുന്നു.
- പ്രാദേശിക ചരിത്രാവബോധം വളർത്തുക.
- പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്ര പഠനം കാര്യക്ഷമമാക്കുക
- കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം നൽകുക.

| ICT പ്രവർത്തനങ്ങൾ | ചിത്രപ്രദർശനം/ചിത്രഗാലറി | ഡോക്യുമെന്ററി പ്രദർശനം |
| --- | --- | --- |
| ...T വിഷയവുമായി ...ബന്ധപ്പെടുത്തി എങ്ങനെ ...പയോഗിക്കാമെന്ന് ചർച്ച, ...ളുടെ, കാലത്തിനനുസരിച്ച് ...ത്യശാസ്ത്ര ഉപന്യാസം ...ളിക്കൽ.<br>...Trip - പ്രകൃതിരമണീ...യ സ്ഥലങ്ങൾ സന്ദർശിക്കൽ ...ങ്ങൾ ഉണ്ടായ സ്ഥലങ്ങളുടെ CD പ്രദർശനം, ക്ലാ...ങ്ങളിലെ ഗ്രാമീണ ...ർശനങ്ങൾ. | കേരള ഉത്സവങ്ങൾ, ആഘോഷപൂർവ്വം കൊണ്ടാടുന്ന വിവിധ മതസ്ഥരുടെ കൂട്ടായ്മ ക്രിസ്തുമസ് ആഘോഷിക്കുന്ന കൂട്ടായ്മ ചിത്രങ്ങൾ skit, നാടകങ്ങൾ, കഥകൾ, ചിത്രകാരൻമാരുടെ ചിത്രങ്ങൾ കുട്ടികളുടെ രചന എന്നിവ പ്രദർശിപ്പിക്കൽ | സമൂഹത്തിനായി പ്രവർത്തിച്ച വ്യക്തികളുടെ ജീവിതവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി പ്രദർശനം.<br>സ്കൂളും ഗ്രാമവും പരിസരങ്ങളും പ്ലാസ്റ്റിക് വിമുക്ത മേഖലയാക്കൽ.<br>പരിസ്ഥിതി സൗഹൃദമായ വസ്തുക്കളുടെ ശേഖരണം.<br>പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗപ്രദമായ വസ്തുക്കളുടെ നിർമ്മാണം.<br>സാമൂഹ്യശാസ്ത്ര പുസ്തകങ്ങളുടെ ശേഖരണം<br>ഭൂപടങ്ങൾ അറ്റ്ലസ്, ഗ്ലോബ് എന്നിവയുടെ ശേഖരണം. |

## CWSN കുട്ടികളുടെ പരിഗണനകൾ

സാമൂഹ്യശാസ്ത്ര മേളയിൽ ചിത്രങ്ങളിലൂടെയും മോഡലുകളിലൂടെയും ശ്രദ്ധയിൽ പെടുത്തൽ

ICT സാധ്യത ഉപയോഗിച്ച് പഠനം ആകർഷകമാക്കൽ

ഉൾച്ചേർക്കുന്ന മനോഭാവം - കുട്ടികൾക്ക് ബോധവത്കരണം നൽകുവാനായി പ്ലക്കാർഡുകൾ, ദൃശ്യങ്ങൾ റാലി തുടങ്ങിയവ സംഘടിപ്പിക്കൽ.

ബോധവൽ ക്ലാസ്സ്, നാടകം, പ്രസംഗം, Skit, Quiz തുടങ്ങിയ പ്രകടനങ്ങൾ സംഘടിപ്പിക്കൽ.

പ്രതികരണ പ്രവർത്തനങ്ങൾ

→ Digital Album
→ വീഡിയോ ക്ലിപ്പ് നിർമ്മാണം
→ ദിനാചരണങ്ങൾ
→ സ്റ്റാമ്പ് പരിചയപ്പെടൽ, കുട്ടികളുടെ ഫോട്ടോ ശേഖരണം, my Social Collection (coins, stamps, soil, paper)

ACADEMIC MASTER PLAN 2025-26 Mathematics STD VIII, IX, X

## പൊതുവായ ലക്ഷ്യങ്ങൾ

1. നിത്യജീവിതത്തിൽ ആവശ്യമായി വരുന്ന ഗണിതക്രിയകളെ കുറിച്ച് അറിവ് നൽകുക, ചതുഷ്ക്രിയകൾ, പണമിടപാടുകളിലെ രീതികൾ, പലതരം അളവുകളെ കുറിച്ചുള്ള ധാരണ, വിവിധ ഗണിതരൂപങ്ങളുടെ നിർമ്മാണം ഇവയെ കുറിച്ച് കുട്ടികളിൽ അറിവുണ്ടാക്കുക.
2. മറ്റ് വിഷയങ്ങൾ പഠിക്കുന്നതിന് ഗണിതം ഉപയോഗപ്പെടുത്തുന്നതിനെ കുറിച്ച് 'അറിവ്' നൽകുക.
3. കാര്യകാരണ ബന്ധങ്ങളോടെ വസ്തുതകൾ വിശകലനം ചെയ്ത് ശരിയായ നിഗമനത്തിലെത്താൻ കഴിയുന്നത് ഗണിതത്തിലാണ്. യുക്തിചിന്തയിലൂടെയും പ്രവൃത്തിയിലൂടെയും ഈ സംസ്കാരം വളർത്തിയെടുക്കുക.
4. സംഖ്യാപരമായ ആശയങ്ങളുടെയും അമൂർത്ത രൂപങ്ങളുടെയും ആസ്വാദനവും ആവിഷ്കാരവും വികസിപ്പിക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് |
| --- | --- | --- |
| സംഖ്യകളെ കുറിച്ചുള്ള ധാരണ | ദൈനം ദിന ജീവിതത്തിൽ സംഖ്യകൾ ഉപയോഗിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തുന്നു. | VIII |
| വർഗങ്ങൾ വ്യത്യസ്തമായ രീതിയിൽ കണ്ടെത്തുന്നു. | ഗുണനം ബുദ്ധിമുട്ടായ കുട്ടികൾക്ക് എളുപ്പത്തിൽ ചെയ്യാൻ പറ്റുന്ന വിധത്തിൽ ചതുര ഗുണനം പരിചയപ്പെടുത്തുന്നു. | |
| ചതുഷ് ക്രിയകളെ കുറിച്ചുള്ള ധാരണ | ചതുഷ് ക്രിയകൾ ഉൾപ്പെടുന്ന പ്രശ്നങ്ങൾ നൽകുന്നു. ഉത്തരങ്ങൾ സ്വയം കണ്ടെത്തുന്നു. വിശകലനം ചെയ്യുന്നു | |
| ഗണിത ആശയങ്ങൾ സ്വായത്തമാക്കുക | ക്ലാസ് റൂം പ്രവർത്തനങ്ങളിലൂടെ ഗണിത ചിന്തകൾ വളർത്തുന്നു. സ്വയം പഠന പ്രക്രിയയിലൂടെ ഗണിതം ലളിതമാക്കുന്നു. | VIII, IX, X |

| | | |
|---|---|---|
| | ചോദ്യപേപ്പർ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | |
| സംഖ്യകളെ കുറിച്ചുള്ള ധാരണ, ചതുഷ്ക്രിയകൾ, പ്രായോഗിക ജീവിതത്തിൽ കൈകാര്യം ചെയ്യുന്ന പ്രശ്നങ്ങൾ | എണ്ണൽ സംഖ്യകൾ, ഇരട്ട സംഖ്യകൾ, ഒറ്റ സംഖ്യകൾ, അഭാജ്യസംഖ്യകൾ, ... etc ഇവ ഉൾപ്പെടുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു. ചതുഷ്ക്രിയകൾ ഉപയോഗിക്കുന്ന പ്രവർത്തനങ്ങൾ, ദിനങ്ങൾ, ആഴ്ചകൾ പരിചയപ്പെടുന്നു. | 1.4 |
| ഗണിതശബ്ദങ്ങൾ രൂപീകരിക്കുക | പരപ്പളവ്, ഉള്ളളവ് ഇവ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, ചതുരങ്ങളുടെ പരപ്പളവ് കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ. | |
| എണ്ണൽ സംഖ്യകൾ, ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ, ഭാജ്യ സംഖ്യകൾ, അഭാജ്യ സംഖ്യകൾ | സംഖ്യാശ്രേണികളുടെ പാറ്റേണുകൾ കൊടുക്കുന്നു. അടുത്ത സംഖ്യ ഏതെന്ന് കണ്ടെത്തുന്നു. | x |

| | | |
|---|---|---|
| | | |
| വിവിധ സംഖ്യാ പാറ്റേണുകൾ, സംഖ്യാ ശ്രേണികൾ etc എന്നിവ കണ്ടെത്തുന്നു. | ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രശ്നങ്ങൾ രൂപപ്പെടുത്തുന്നു. പസിലുകൾ കണ്ടെത്താനുള്ള പ്രവർത്തനം, ചോദ്യങ്ങൾ നിർമ്മാണത്തിനുള്ള അവസരം നൽകൽ എന്നിവയിലൂടെ സ്വയം പഠനത്തിന് പ്രേരണ നൽകുന്നു. | |
| ഗണിതം കൂടുതൽ ഉല്ലാസവും രസകരവുമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുന്നു. | ജിയോജിബ്രാ ക്ലാസിലൂടെ ഗണിതപഠനം സരളമായി അവതരിപ്പിക്കുന്നതിനുള്ള പരിശീലനം.<br>ഗണിത ശാസ്ത്രമേള, ഗണിത ക്വിസ് എന്നിവയിലൂടെ ഗണിതാശയം രൂപപ്പെടുത്തുന്നു<br>ഗണിത പൂക്കളം, പാറ്റേൺ നിർമ്മാണം ഗണിത മാജിക് ട്രിക്കുകൾ, ഗണിത ക്ലബ്ബ് രൂപീകരണം എന്നിവയിലൂടെ ഗണിതം ഉല്ലാസകരമാക്കുന്നു. | VIII, IX, X |

# ACADEMIC MASTER PLAN 2025-26 INFORMATION TECHNOLOGY

## പൊതുവായ ലക്ഷ്യങ്ങൾ

1. ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് ജീവിക്കുവാൻ ആവശ്യമായ പുത്തൻ സാങ്കേതിക വിദ്യയിൽ അറിവ് നേടുക.
2. സാങ്കേതിക വിദ്യ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുവാനുള്ള അറിവിൽ പ്രാപ്തി നേടുക.
3. കമ്പ്യൂട്ടർ, ഫോൺ, വിദ്യാഭ്യാസചാനലുകൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള കഴിവ് നേടുക. സൈബർ സെക്യൂരിറ്റിയെക്കുറിച്ച് ധാരണയുണ്ടാക്കു

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് |
|---|---|---|
| ചിത്രസോഫ്റ്റ്‌വെയർ | Krita സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പോസ്റ്റർ നിർമ്മാണം | VIII |
| പേജുകൾ മനോഹരമാക്കുക. | ലിബ്രെ ഓഫീസ് റൈറ്റർ ഉപയോഗിച്ച് പേജുകൾ മനോഹരമാക്കാനുള്ള കഴിവുകൾ നേടുന്നു. | |
| Song editing | പാട്ടുകൾ edit ചെയ്ത് രംഗീകരിക്കുവാൻ കഴിവുകൾ നേടുന്നു. | |


# ACADEMIC MASTER PLAN 2025-26 INFORMATION TECHNOLOGY

പൊതുവായ ലക്ഷ്യങ്ങൾ


1. അനുദിനം മാറികൊണ്ടിരിക്കുന്ന ലോകത്ത് ജീവിക്കുവാൻ ആവശ്യമായ പുത്തൻ സാങ്കേതിക വിദ്യയിൽ അറിവ് നേടുക.
2. സാങ്കേതിക വിദ്യ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുവാനുള്ള അറിവിൽ പ്രാപ്തി നേടുക.
3. കമ്പ്യൂട്ടർ, ഫോൺ, വിദ്യാഭ്യാസചാനലുകൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള കഴിവ് നേടുക. സൈബർ സെക്യൂരിറ്റിയെക്കുറിച്ച് ധാരണയുണ്ടാക്കു

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് |
|---|---|---|
| ചിത്രസോഫ്റ്റ്‌വെയർ | Krita സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പോസ്റ്റർ നിർമ്മാണം | VIII |
| പേജുകൾ മനോഹരമാക്കുക. | ലിബ്രെ ഓഫീസ് റൈറ്റർ ഉപയോഗിച്ച് പേജുകൾ മനോഹരമാക്കാനുള്ള കഴിവുകൾ നേടുന്നു. | |
| Song editing | പാട്ടുകൾ edit ചെയ്ത് രംഗിപ്പിക്കുവാൻ കഴിവുകൾ നേടുന്നു. | |


| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് |
| --- | --- | --- |
| Inkscape പരിചയപ്പെടുത്തുന്നു. | Inkscape ഉപയോഗിച്ച് ചിത്രങ്ങൾ കൂടുതൽ മനോഹരമാക്കുന്നു. മനോഹരമായി ചിത്രങ്ങൾ വരക്കാൻ സാധിക്കുന്നു. | X |
| Python ഉപയോഗിച്ചുള്ള ഗണിത ക്രിയകൾ, പാറ്റേണുകൾ, അനിമേഷൻ | വിവര ശേഖരണത്തിനും അപഗ്രഥനത്തിനും റിപ്പോർട്ട് ഉണ്ടാക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുവാനുള്ള കഴിവ് ഉണ്ടാകുന്നു. Phython ഉപയോഗിച്ച് പാറ്റേണുകൾ നിർമ്മിക്കുന്ന സ്വയം പ്രോഗ്രാമുകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | |
| Scribus ഉപയോഗിച്ച് ആകർഷകമായ മാഗസിൻ തയ്യാറാക്കുവാനുള്ള കഴിവ് | Scribus ലൂടെ ആകർഷകമായ മാഗസിൻ തയ്യാറാക്കുവാനുള്ള പ്രവർത്തനങ്ങൾ. | |


N

PLAN - PIUS GIRLS HS EDAPPALLY




MANAGER



# കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ

| Year | V | VI | VII | VIII | IX | X | Total |
|---|---|---|---|---|---|---|---|
| 2011-12 | 114 | 162 | 173 | 186 | 228 | 235 | 1098 |
| 2012-13 | 107 | 120 | 171 | 194 | 183 | 232 | 1007 |
| 2013-14 | 89 | 110 | 131 | 206 | 199 | 185 | 920 |
| 2014-15 | 89 | 106 | 123 | 158 | 221 | 194 | 891 |
| 2015-16 | 78 | 104 | 118 | 149 | 169 | 216 | 834 |
| 2016-17 | 92 | 87 | 111 | 142 | 158 | 155 | 745 |
| 2017-18 | 82 | 115 | 97 | 144 | 153 | 143 | 734 |
| 2018-19 | 95 | 99 | 141 | 160 | 161 | 143 | 799 |
| 2019-20 | 94 | 122 | 128 | 219 | 171 | 147 | 881 |
| 2020-21 | 102 | 106 | 139 | 176 | 219 | 165 | 907 |
| 2021-22 | 103 | 122 | 124 | 190 | 190 | 218 | 947 |
| 2022-23 | 101 | 115 | 126 | 165 | 197 | 186 | 890 |
| 2023-24 | 92 | 108 | 123 | 150 | 163 | 197 | 833 |
| 2024-25 | 99 | 103 | 125 | 152 | 165 | 164 | 808 |
| 2025-26 | 84 | 114 | 109 | 148 | 150 | 163 | 768 |